# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന് (ജനവരി 15) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/59/2020)

## പരീക്ഷ തീയതി

എട്ട്, ഏഴ്, ആറ് സെമസ്റ്റർ ബി.ടെക് (2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ജനവരി 29, 30, 31 തീയതി മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/60/2020)

## പരീക്ഷ ഫലം

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/61/2020)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/62/2020)

2019 ഫെബ്രുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് - 2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012-2013 അഡ്മിഷൻ അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/63/2020)

## REPEATED NEWS

**ഡോ. കെ. മാത്യു കുര്യന്റെ സ്മരണയിൽ എം.ജി.**

## കേരളം കരുതലോടെ നീങ്ങണം:
## പി.കെ. മൈക്കിൾ തരകൻ

സാമൂഹിക വികസന മേഖലകളിൽ കേരളം നിർണായകമായ ചുവടുവെപ്പുകൾ നടത്തിയെങ്കിലും രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ കരുതലോടെ നേരിടേണ്ടതുണ്ടെന്ന് സാമ്പത്തിക ചരിത്രകാരനും കേരള ചരിത്രഗവേഷണ കൗൺസിൽ ചെയർമാനുമായ പ്രൊഫ. പി.കെ. മൈക്കൾ തരകൻ. മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനത്തിന്റെ

ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യ നിർമാർജനത്തിലും ലിംഗ സമത്വത്തിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും അപൂർവ നേട്ടങ്ങൾ കൈവരിച്ചു. അസമത്വം, വർധിച്ചുവരുന്ന പൊതുമാലിന്യം, ജാതി-മത പുനരുദ്ധാരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ വികസന പ്രശ്നങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

നഗരകാര്യ നിർവഹണം ഗുരുതരമായ പ്രതിസന്ധിയിലേക്ക് നമ്മെ നയിക്കുന്നതായും മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിക്കേണ്ടിവന്ന സാഹചര്യം ഇതിന്റെ മകുടോദാഹരണമാണെന്നും മുഖ്യപ്രഭാഷണം നടത്തിയ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഓണററി ഫെലോയുമായ പ്രൊഫ. എം.എ. ഉമ്മൻ പറഞ്ഞു.

അനുസ്മരണ സമ്മേളനവും സംവാദവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. വി. മാത്യു കുര്യൻ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അഡ്വ. പി.കെ. ഹരികുമാർ, അന്തർവൈജ്ഞാനിക കേന്ദ്രം ഓണററി ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. അഭിലാഷ് ബാബു എന്നിവർ പ്രസംഗിച്ചു. ജവാഹർലാൽ നെഹ്റു സർവകലാശാല സാമൂഹികശാസ്ത്ര വിഭാഗം അധ്യാപിക ഡോ. സൂസൻ വിശ്വനാഥൻ, സംസ്ഥാന ആസൂത്രണ സമിതിയംഗം ഡോ. ബി. ഇക്ബാൽ, സി.ഡി.എസ്. ഗവേഷകൻ ഡോ. കെ.കെ. ഈശ്വരൻ, നരവംശശാസ്ത്രജ്ഞ ഡോ. വിനീത മേനോൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ രാജ്യസഭാംഗവും ഇന്ത്യൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ സ്ഥാപക അധ്യക്ഷനുമായിരുന്ന ഡോ. കെ. മാത്യു കുര്യൻ.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനവും സംവാദ പരിപാടിയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന് (ജനവരി 15) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/59/2020)

## പരീക്ഷ തീയതി

എട്ട്, ഏഴ്, ആറ് സെമസ്റ്റർ ബി.ടെക് (2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ജനവരി 29, 30, 31 തീയതി മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/60/2020)

## പരീക്ഷ ഫലം

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/61/2020)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/62/2020)

2019 ഫെബ്രുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് - 2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012-2013 അഡ്മിഷൻ അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/63/2020)

## REPEATED NEWS

**ഡോ. കെ. മാത്യു കുര്യന്റെ സ്മരണയിൽ എം.ജി.**

## കേരളം കരുതലോടെ നീങ്ങണം: പി.കെ. മൈക്കിൾ തരകൻ

സാമൂഹിക വികസന മേഖലകളിൽ കേരളം നിർണായകമായ ചുവടുവെപ്പുകൾ നടത്തിയെങ്കിലും രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ കരുതലോടെ നേരിടേണ്ടതുണ്ടെന്ന സാമ്പത്തിക ചരിത്രകാരനും കേരള ചരിത്രഗവേഷണ കൗൺസിൽ ചെയർമാനുമായ പ്രൊഫ. പി.കെ. മൈക്കൾ തരകൻ. മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനത്തിന്റെ

ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യ നിർമാർജനത്തിലും ലിംഗ സമത്വത്തിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും അപൂർവ നേട്ടങ്ങൾ കൈവരിച്ചു. അസമത്വം, വർധിച്ചുവരുന്ന പൊതുമാലിന്യം, ജാതി-മത പുനരുദ്ധാരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ വികസന പ്രശ്നങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

നഗരകാര്യ നിർവഹണം ഗുരുതരമായ പ്രതിസന്ധിയിലേക്ക് നമ്മെ നയിക്കുന്നതായും മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിക്കേണ്ടിവന്ന സാഹചര്യം ഇതിന്റെ മകുടോദാഹരണമാണെന്നും മുഖ്യപ്രഭാഷണം നടത്തിയ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഓണററി ഫെലോയുമായ പ്രൊഫ. എം.എ. ഉമ്മൻ പറഞ്ഞു.

അനുസ്മരണ സമ്മേളനവും സംവാദവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. വി. മാത്യു കുര്യൻ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അഡ്വ. പി.കെ. ഹരികുമാർ, അന്തർവൈജ്ഞാനിക കേന്ദ്രം ഓണററി ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. അഭിലാഷ് ബാബു എന്നിവർ പ്രസംഗിച്ചു. ജവാഹർലാൽ നെഹ്റു സർവകലാശാല സാമൂഹികശാസ്ത്ര വിഭാഗം അധ്യാപിക ഡോ. സൂസൻ വിശ്വനാഥൻ, സംസ്ഥാന ആസൂത്രണ സമിതിയംഗം ഡോ. ബി. ഇക്ബാൽ, സി.ഡി.എസ്. ഗവേഷകൻ ഡോ. കെ.കെ. ഈശ്വരൻ, നരവംശശാസ്ത്രജ്ഞ ഡോ. വിനീത മേനോൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ രാജ്യസഭാംഗവും ഇന്ത്യൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ സ്ഥാപക അധ്യക്ഷനുമായിരുന്നു ഡോ. കെ. മാത്യു കുര്യൻ.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനവും സംവാദ പരിപാടിയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ